# പതിനഞ്ചാം കേരള നിയമസഭ
# ഒന്നാം സമ്മേളനം
# ബഹു സ്പീക്കറുടെ റൂളിംഗ്

06-06-2021

## (4) ക്രമപ്രകാരമല്ലാതെയുള്ള സത്യപ്രതിജ്ഞ

2021 ജൂൺ 6-ാം തീയതി ബഡ്ജറ്റിന്മേലുള്ള നന്ദിപ്രമേയ ചർച്ചയ്ക്ക് മുമ്പ്, ദേവികുളം എം.എൽ.എ. 24-05-2021-ൽ ഭരണഘടനയുടെ ആർട്ടിക്കിൾ 188 പ്രകാരം പ്രോട്ടെം സ്പീക്കർ മുമ്പാകെ നടത്തിയ സത്യപ്രതിജ്ഞ, ഭരണഘടനയുടെ 3-ാം ഷെഡ്യൂളിൽ അനുശാസിക്കുന്ന പ്രകാരമല്ലായിരുന്നുവെന്ന് കണ്ടതിനാൽ നിയമ വകുപ്പിന്റെ ഉപദേശത്തിന്റെകൂടി അടിസ്ഥാനത്തിൽ വീണ്ടും ബഹുമാനപ്പെട്ട സ്പീക്കറുടെ മുമ്പാകെ ക്രമപ്രകാരം ദൃഢപ്രതിജ്ഞ ചെയ്ത് സ്ഥാനം ഏറ്റെടുത്തിരിക്കുകയാണെന്നും ഭരണഘടനയ്ക്ക് വിരുദ്ധമായി പ്രതിജ്ഞയെടുത്ത് അഞ്ച് ദിവസം അംഗമായി സഭയിലിരുന്ന ടി അംഗം അപ്രകാരം ഇരുന്ന ഓരോ ദിവസത്തിനും അഞ്ഞൂറ് രൂപ വീതം പിഴയടക്കാൻ ബാദ്ധ്യസ്ഥനാണോ എന്നും ക്രമപ്രകാരം അംഗമായി സത്യപ്രതിജ്ഞ ചെയ്യുന്നതിനുമുമ്പ് അദ്ദേഹം സ്പീക്കർ തെരഞ്ഞെടുപ്പിൽ രേഖപ്പെടുത്തിയ വോട്ട് സാധുവാണോ എന്നും അല്ലെങ്കിൽ 25.05.2021-ൽ അദ്ദേഹം സ്പീക്കർ തെരഞ്ഞെടുപ്പിൽ രേഖപ്പെടുത്തിയ വോട്ട് റദ്ദ് ചെയ്യേണ്ടതുണ്ടോ എന്നും സ്പീക്കർ

റൂളിംഗ് നൽകണമെന്ന് പ്രതിപക്ഷത്തെ ഒരംഗം 2021 ജൂൺ 2-ാം തീയതി ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെട്ടതിന് ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുന്ന റൂളിംഗ് നൽകി*.

ദേവികുളം അംഗം ശ്രീ. എ. രാജ 2021 മെയ് 24-ാം തീയതി നിയമസഭാംഗം എന്ന നിലയിൽ നടത്തിയ സത്യപ്രതിജ്ഞ ഇന്ത്യൻ ഭരണഘടനയുടെ മൂന്നാം പട്ടികയിൽ അനുശാസിക്കുംപ്രകാരമല്ലെന്ന ക്രമപ്രശ്നത്തിന്റെ അടിസ്ഥാനത്തിൽ നിയമസഭാ സെക്രട്ടേറിയറ്റ് നിയമവകുപ്പ് സെക്രട്ടറിയിൽനിന്ന് അഭിപ്രായം ആരായുകയുണ്ടായി.

ശ്രീ. എ. രാജ തമിഴ്ഭാഷയിൽ നടത്തിയ സത്യപ്രതിജ്ഞയിൽ അപാകതയുണ്ടായിട്ടുണ്ടെന്നും അത് തിരുത്തപ്പെടേണ്ടതാണെന്നും നിയമവകുപ്പ് സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന് ജൂൺ 2-ാം തീയതി ശരിയായ രീതിയിൽ വീണ്ടും സത്യപ്രതിജ്ഞ ചെയ്യേണ്ടിവന്നു. നിയമവകുപ്പ് തയ്യാറാക്കി നിയമസഭാ സെക്രട്ടേറിയറ്റിന് അയച്ചുതന്ന തമിഴ്ഭാഷയിലുള്ള സത്യപ്രതിജ്ഞാ വാചകം അപൂർണ്ണമായിരുന്നതുമൂലമാണ് ശ്രീ. എ. രാജയുടെ സത്യപ്രതിജ്ഞയിൽ പിശക് സംഭവിച്ചത്.

സത്യപ്രതിജ്ഞാ വാചകത്തിൽ അവസാനമായി

---

പരാമർശിക്കേണ്ടിയിരുന്ന ദൈവനാമത്തിൽ അല്ലെങ്കിൽ സഗൗരവം എന്നിവയിൽ ഏതെങ്കിലും ഒരു വാക്കിന് സമാനമായ തമിഴ് വാക്ക് ഉൾപ്പെടുത്താതെ നിയമവകുപ്പ് തയ്യാറാക്കി ലഭ്യമാക്കിയ സത്യപ്രതിജ്ഞാ ഫാറം അംഗത്തിന് നൽകിയതുമൂലമാണ് ബഹുമാനപ്പെട്ട അംഗത്തിന്റെ സത്യപ്രതിജ്ഞ അപൂർണ്ണമായി പോയതെന്നാണ് ചെയർ മനസ്സിലാക്കുന്നത്.

ഇത്തരമൊരു ഗുരുതരമായ വീഴ്ച സംഭവിച്ചത് ഏതു സാഹചര്യത്തിലാണെന്നതുസംബന്ധിച്ച് ചെയർ പരിശോധിച്ച് കർശനനടപടി സ്വീകരിക്കുന്നതാണ്. പതിനൊന്നാം കേരള നിയമസഭയിലെ ഒരംഗം ഇത്തരത്തിൽ സഭാ നടപടികളിൽ പങ്കെടുത്ത ദിവസങ്ങൾക്ക് ഭരണഘടനയിൽ പരാമർശിക്കുന്ന നിരക്കിലുള്ള പിഴ അടയ്ക്കണമെന്നാണ് കേരള ഹൈക്കോടതി വിധിച്ചത്.

"സഭയിൽ ഇരിക്കുകയോ, വോട്ട് ചെയ്യുകയോ, നടപടികളിൽ മറ്റ് വിധത്തിൽ പങ്കെടുക്കുകയോ ചെയ്യുവാൻ അവകാശമില്ലാതിരുന്ന ആരെങ്കിലും അപ്രകാരം ചെയ്തതായി പിന്നീട് വെളിപ്പെട്ടു എന്നിരുന്നാലും ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണ മണ്ഡലത്തിലെ ഏത് നടപടിയും സാധുവായിരിക്കുന്നതുമാകുന്നു" എന്ന് അനുച്ഛേദം 189(2)-ൽ പരാമർശമുണ്ടെന്ന

വസ്തുത ഏറെ പ്രസക്തമാണെന്ന് ചെയർ കരുതുന്നു. ഈ സാഹചര്യത്തിൽ ദേവികുളം നിയോജകമണ്ഡലത്തിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട ശ്രീ. എ. രാജ 2021മെയ് 24-ാംതീയതി സഭയിൽ നടത്തിയ സത്യപ്രതിജ്ഞ ക്രമപ്രകാരമായിരുന്നില്ലെന്ന കാരണത്താൽ അന്നുമുതൽ അദ്ദേഹം ക്രമാനുസൃതമായി സത്യപ്രതിജ്ഞ നടത്തിയ ജൂൺ രണ്ടാം തീയതിവരെ സഭയിൽ ഹാജരായ മെയ് 24, 25, 28, 31, ജൂൺ 1 എന്നീ അഞ്ച് ദിവസത്തേയ്ക്ക് പ്രതിദിനം അഞ്ഞൂറ് രൂപ നിരക്കിൽ പിഴ ഒടുക്കേണ്ടതാണെന്നും പ്രസ്തുത ദിനങ്ങളിൽ അദ്ദേഹം പങ്കെടുത്തതോ വോട്ട് രേഖപ്പെടുത്തിയതോ ആയ നടപടികളൊന്നുംതന്നെ അസാധുവാകുന്നതല്ലെന്നും ഇക്കാര്യങ്ങൾ സംബന്ധിച്ച ഭരണഘടനാ വ്യവസ്ഥകളുടെയും കീഴ്‌വഴക്കങ്ങളുടെയും കോടതി നിരീക്ഷണങ്ങളുടെയും അടിസ്ഥാനത്തിൽ ചെയർ റൂൾ ചെയ്യുന്നു.